**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3637** **05-08-2021 - ൽ മറുപടിയ്ക്ക്**

**ലോക്ഡൗൺ കാലയളവിലെ വൈദ്യുതി ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ കാലയളവിൽ സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുത ഉപഭോഗം എത്ര യൂണിറ്റ് ആയിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ലോക്ഡൗൺ നിലവിലുണ്ടായിരുന്ന 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ പ്രതിദിന ശരാശരി ഉപഭോഗം യഥാക്രമം ഏകദേശം 68.3 ദശലക്ഷം യൂണിറ്റും 70.7 ദശലക്ഷം യൂണിറ്റും ആയിരുന്നു. ഭാഗികമായി ലോക്ഡൗൺ ഉണ്ടായിരുന്ന 2020 ജൂൺ മാസത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 64.1 ദശലക്ഷം യൂണിറ്റ് ആയിരുന്നു. 2021 മേയ് മാസത്തിലെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 66.1 ദശലക്ഷം യൂണിറ്റ് ആയിരുന്നു. |
| (ബി) | ലോക്ഡൗൺ പ്രഖ്യാപനത്തിന് മുമ്പ് സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റ് ആയിരുന്നു; | (ബി) | ലോക്ഡൗൺ പ്രഖ്യാപനത്തിന് മുമ്പ് വരെയുള്ള മാർച്ച് മാസത്തെ സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം ഏകദേശം 79.7 ദശലക്ഷം യൂണിറ്റ് ആയിരുന്നു. |
| (സി) | സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ള ലോക്ഡൗൺ കെ.എസ്.ഇ.ബി.യുടെ ലാഭനഷ്ടങ്ങളെ എങ്ങനെയൊക്കെ ബാധിച്ചു എന്നത് സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക പഠനങ്ങൾ ബോർഡ് നടത്തുകയുണ്ടായോ; | (സി) | ലോക്ക്ഡൗൺ കെ.എസ്.ഇ.ബിയുടെ സാമ്പത്തിക സ്ഥിതിയിൽ വരുത്തുന്ന ആഘാതം പരിശോധിച്ചിരുന്നു. ഇത് സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന് നൽകിയ റിപ്പോർട്ട് പ്രകാരം (പ്രാഥമിക കണക്കുകൾ അനുസരിച്ച്) ഒന്നാം തരംഗത്തിൽ മാത്രം KSEB ക്ക് 1239 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിരുന്നു. |
| (ഡി) | എങ്കിൽ ലോക്ഡൗൺ മൂലം ഏതൊക്കെ മേഖലകളിൽ ഏതൊക്കെ തരത്തിലാണ് വൈദ്യുതി ഉപഭോഗത്തിൽ വ്യതിയാനങ്ങൾ ഉണ്ടായത് എന്നത് സംബന്ധിച്ച ആധികാരിക റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉപഭോഗം കോവിഡ് മൂലമുള്ള അടച്ചിടലിന്റെ പശ്ചാത്തലത്തിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2020-21-ൽ വൈദ്യുതി ഉപയോഗം മുൻവർഷത്തെ അപേക്ഷിച്ച് 4.30% വർദ്ധനവ് രേഖപ്പെടുത്തുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും, കോവിഡ് സാഹചര്യത്തിൽ 2.17% കുറവാണ് രേഖപ്പെടുത്തിയത്. ഈ സാമ്പത്തിക വർഷത്തിലും സമാന സ്ഥിതി ആകുമെന്ന് കരുതുന്നു. ഈ കാലയളവിൽ ശരാശരി വില്പനവിലയിലും കൂടുതൽ |

| | | | |
|---|---|---|---|
| | | | വൈദ്യുതി നിരക്കുള്ള വ്യാവസായിക വാണിജ്യ ഉപഭോഗം ഗണ്യമായി കുറഞ്ഞതും അതേ സമയം ശരാശരിയിൽ താഴെ നിരക്കുള്ള ഗാർഹിക ഉപഭോഗം കൂടിയതും മൊത്തവരുമാനത്തെ പ്രതികൂലമായി ബാധിച്ചു. ഇതു മൂലം 2020-21 ൽ മാത്രം 544 കോടി രൂപയുടെ വരുമാന നഷ്ടം മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ